പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 537

04.07.2013 ൽ മറുപടിക്ക്

## ജലവിഭവ സംരക്ഷണത്തിന് ജനകീയ പദ്ധതി

| | ചോദ്യം<br>ശ്രീ.പി.കെ ബഷീർ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ജനകീയ പദ്ധതി നിലവിലുണ്ടോ; | (എ)<br>&<br>(ബി) | സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെയും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും ആവശ്യപ്രകാരമാണ്. ഇതു കൂടാതെ, ജലസേചനവകുപ്പ് മുഖേന നടപ്പിലാക്കുന്ന 'കുളങ്ങളുടെ സംരക്ഷണം (RRR of ponds)' പദ്ധതി പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ജനകീയ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. കൂടാതെ, നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് വാട്ടർ യൂസേഴ്സ് അസോസിയേഷൻ രൂപീകരിച്ച് ജനപങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.<br>ഐക്യരാഷ്ട്രസഭ 2013-ാം വർഷം അന്താരാഷ്ട്ര ജല സഹകരണ വർഷമായി ആചരിക്കുന്ന അവസരത്തിൽ കുളങ്ങളുടെ സംരക്ഷണം, നദീ സംരക്ഷണം, കായലുകൾക്കായി പുതിയ പദ്ധതികൾ എന്നിവ ഉണ്ടാക്കുന്നതിനും അവയുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനും, ബന്ധപ്പെട്ട മന്ത്രിമാർ ഉപാദ്ധ്യക്ഷന്മാരും, ഗവൺമെന്റ് സെക്രട്ടറിമാർ, സ്ഥാപന മേധാവികൾ, ഇക്കാര്യങ്ങളിൽ സംഭാവന ചെയ്യാൻ കഴിയുന്ന പ്രഗത്ഭ വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തി |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| | | | 02/05/2013 ലെ സ.ഉ.(സാധാ).നം.78/13/പരി നമ്പർ ഉത്തരവ് പ്രകാരം ഒരു സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് കൂടുതൽ കാര്യക്ഷമമായ ഒരു ജനകീയ കർമ്മപദ്ധതി ആവിഷ്ക്കരിക്കുമോ; | (സി) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് കൂടുതൽ കാര്യക്ഷമമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലുമുളള കുളങ്ങളുടെ പ്രാഥമിക വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 18681 കുളങ്ങളാണ് പട്ടികപ്പെടുത്തിയിട്ടുളളത്. ഇതു കൂടാതെ ചെക്കുഡാമുകളുടെ നിർമ്മാണം വഴി ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സാധിക്കും.<br>12-ാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തി കുളങ്ങളുടെ നവീകരണത്തിനായി (RRR of ponds) തയ്യാറാക്കുന്ന പദ്ധതി കൂടുതൽ കാര്യക്ഷമമായി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇത് ഉറപ്പാക്കുന്നതിനായി ജനകീയ മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിക്കാൻ നിർദ്ദേശമുണ്ട്. |
| (ഡി) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് കേന്ദ്രസഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി 12-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളള കുളങ്ങളുടെ നവീകരണത്തിനുളള (RRR of ponds) പദ്ധതിക്ക് 14-ാം ധനകാര്യകമ്മീഷൻ വഴി ധനസഹായം ലഭിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. 13-ാം ധനകാര്യ കമ്മീഷൻ വഴി 50 കോടി രൂപയുടെ സഹായം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ